(ബി) പ്രസ്തുത അപകടാവസ്ഥയിലുള്ള വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ അടിയന്തിരമായി പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കുമോ ;

(സി) കണ്ണൂർ ജില്ലയിലെ പന്ന്യയൂർ വില്ലേജ് ഓഫീസ് കെട്ടിടം ചോർന്നൊലിച്ച് അപകടാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത കെട്ടിടം പുതുക്കിപ്പണിയാൻ ഫണ്ട് അനുവദിച്ച് പുതിയ കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ചില വില്ലേജ് ഓഫീസ് കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇവ അറ്റകുറ്റപ്പണി നടത്തുന്നതിനും പുതുക്കിപ്പണിയുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

കാസർഗോഡ് താലൂക്ക് ആഫീസ് കെട്ടിട സമുച്ചയം പൊളിച്ച് മാറ്റുന്ന നടപടി

7 (1946) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് താലൂക്ക് ഓഫീസ് കെട്ടിടസമുച്ചയം പൊളിച്ച് മാറ്റാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഓഫീസ് സമുച്ചയം ഏത് സ്ഥലത്തേയ്ക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) കാസർഗോഡ് നഗരമദ്ധ്യത്തിലെ വളരെ പഴക്കമുള്ള കെട്ടിടം പൊളിച്ചുമാറ്റി ആ സ്ഥലം എന്ത് ആവശ്യത്തിലേയ്ക്കായി ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദവിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി - ഡി) ചോദ്യം ഉദിക്കുന്നില്ല.

വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പുനരുദ്ധാരണം

7 (1946) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂനാട് താലൂക്കിലെ കൊമ്പനാട്, വെങ്ങയോല വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ഈ വിഷയത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദ വിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി - സി) അറ്റകുറ്റപ്പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറോടാവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചു കഴിഞ്ഞാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതാണ്.

തിരൂരങ്ങാടി സിവിൽസ്റ്റേഷൻ നിർമ്മാണം

9 (1948) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിനുള്ള ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയായി ;

(ബി) ലാന്റ് അക്വിസിഷൻ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തിരൂരങ്ങാടി മിനി സിവിൽസ്റ്റേഷൻ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ മിനിസിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടു കിട്ടുന്നതിനായിട്ടുള്ള ഭൂമികൈമാറ്റനിർദ്ദേശം സമർപ്പിക്കുവാൻ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി കൈമാറ്റ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടില്ല.

റവന്യൂ ടവർ നിർമ്മാണം സംബന്ധിച്ച അന്വേഷണം

10 (1949) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ റവന്യൂ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടായിരുന്നോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അന്വേഷണത്തിൽ ആരെല്ലാമാണ് കുറ്റക്കാരെന്ന് കണ്ടെത്തിയതെന്നും അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly